LIBRARY ARCHIVES Kerala Legislative Assembly

കൊടുങ്ങല്ലൂർ ചേരമാൻ പറമ്പും കോട്ടയും സംരക്ഷിക്കുന്നതിന് പദ്ധതി

67 [3654] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ ചേരമാൻ പറമ്പും കോട്ടയും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചേരമാൻ പറമ്പും കോട്ടയും സർക്കാർ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. ചേരമാൻ പറമ്പ്, കോട്ടപ്പുറം കോട്ട എന്നിവ ഉൾപ്പെടുന്ന പ്രദേശം ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി ഇവയുടെ സംരക്ഷണ പണികൾക്കും ലാൻഡ്സ്കേപ്പ് തയ്യാറാക്കി സംരക്ഷിക്കുന്നതിനും വിനോദ സഞ്ചാര വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായത്തോടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) സമീപത്തായുള്ള ജൂത പള്ളിയുടെ സംരക്ഷണ പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കാവുന്നതാണ്.

(സി) നടപ്പു സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്.

കൊടുങ്ങല്ലൂർ ഉദ്ഖനനം

68 [3655] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാതന മുസിരിസ് തുറമുഖമായ കൊടുങ്ങല്ലൂരിൽ ചരിത്രാവശിഷ്ടങ്ങൾക്കുവേണ്ടി വിശദമായ ഉദ്ഖനനം നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൊടുങ്ങല്ലൂരിലും, കൊടുങ്ങല്ലൂർ കായൽ, അഴിമുഖം, സമുദ്രഭാഗങ്ങൾ എന്നിവിടങ്ങളിലും വിശദമായ ഉദ്ഖനനത്തിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?